# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 05.10.2023** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. **പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് മധ്യപ്രദേശ്, രാജസ്ഥാൻ സംസ്ഥാനങ്ങൾ സന്ദർശിക്കും. 17,600 കോടിയിലേറെ രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് അദ്ദേഹം തുടക്കമിടും.**

   Prime Minister Narendra Modi Will visit Madhya Pradesh and Rajasthan today. Various development projects worth over Rs 17,600 crore to be launched.

2. **മേഘവിസ്ഫോടനമുണ്ടായ സിക്കിമിൽ രക്ഷാ പ്രവർത്തനം പുരോഗമിക്കുന്നു.**

   Rescue operations are in progress in Sikkim where the cloudburst occurred.

3. **കേരളത്തിൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കോഴിക്കോട് മേഖലാതല അവലോകന യോഗം ഇന്ന്.**

   Kozhikode regional review meeting under the leadership of Kerala Chief Minister today.

4. **ഇന്ന് ലോക അദ്ധ്യാപക ദിനം. അധ്യാപകരുടെ അവകാശങ്ങളും ഉത്തരവാദിത്തങ്ങളും ഓർമിക്കുന്നതിനും, സംരക്ഷിക്കുന്നതിനുമായാണ് ദിനാഘോഷം.**

   Today is World Teachers' Day. The day is celebrated to remember and protect the rights and responsibilities of teachers

5. **ഐ.സി.സി പുരുഷ ഏകദിന ലോകകപ്പ് ക്രിക്കറ്റ് ടൂർണമെന്റിന് അഹമ്മദാബാദിലെ നരേന്ദ്രമോദി സ്റ്റേഡിയത്തിൽ ഇന്ന് തുടക്കമാകും.**

   The ICC Men's ODI World Cup cricket tournament will begin today at the Narendra Modi Stadium in Ahmedabad.

6. **ഏഷ്യൻ ഗെയിംസിൽ 18 സ്വർണ്ണവുമായി ഇന്ത്യയുടെ മികച്ച പ്രകടനം തുടരുന്നു.**

   India's good performance continues with 18 golds in the Asian Games.

***********************************************************************

**HEADLINE-1**

**PM MADHYA PRADESH, RAJASTHAN**

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് മധ്യപ്രദേശ്, രാജസ്ഥാൻ സംസ്ഥാനങ്ങൾ സന്ദർശിക്കും. **17,600 കോടിയിലേറെ** രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് അദ്ദേഹം തുടക്കം കുറിക്കും. മധ്യപ്രദേശിലെ ജബൽപൂരിൽ **12,600** കോടിയിലധികം രൂപയുടെ വികസന പദ്ധതികൾ ഉദ്ഘാടനം ചെയ്യുകയും ശിലാസ്ഥാപനം നിർവ്വഹിക്കുകയും ചെയ്യും. റോഡ്, റെയിൽ, വാതക പൈപ്പ് ലൈൻ, ആരോഗ്യ, ഭവന-കുടിവെള്ള പദ്ധതികളാണ് ഉദ്ഘാടനം ചെയ്യുന്നത്. രാജസ്ഥാനിൽ ജോധ്പൂരിൽ **അയ്യായിരത്തോളം** കോടി രൂപയുടെ വികസന പദ്ധതികൾക്കാണ് ശിലാസ്ഥാപനം നിർവ്വഹിക്കുന്നത്.

***********************************************************************

**HEADLINE-2**

**SIKKIM CLOUD BURST**

സിക്കിമിൽ മേഘവിസ്ഫോടനവും മിന്നൽ പ്രളയത്തെയും തുടർന്ന് രക്ഷാ പ്രവർത്തനം തുടരുന്നു. മിന്നൽ പ്രളയത്തിൽ 23 സൈനികർ ഉൾപ്പെടെ 102 പേരെയാണ് കാണാതായത്. ഇതിൽ ഒരു സൈനികനെ കണ്ടെത്തി. 14 മൃതദേഹങ്ങൾ കണ്ടെത്തി. മേഘവിസ്ഫോടനത്തെ തുടർന്ന് ടീസ്റ്റാ നദിയിലുണ്ടായ മിന്നൽ പ്രളയം മംഗാൻ, ഗാംടോക്ക്, പാക്യോങ്ങ് ജില്ലകളിൽ കനത്ത നാശനഷ്ടമുണ്ടാക്കിയതായാണ് വിവരം. 11 പാലങ്ങൾ ഒലിച്ചുപോയി. ഗതാഗത സംവിധാനങ്ങൾ തടസ്സപ്പെട്ടതായും അധികൃതർ അറിയിച്ചു. ദേശീയ ദുരന്ത നിവാരണ സേനയുടെ മൂന്ന് സംഘങ്ങളെ മേഖലയിൽ വിന്യസിച്ചു. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി സിക്കിമിലെ സ്ഥിതിഗതികൾ വിലയിരുത്തി. മുഖ്യമന്ത്രി പ്രേം സിംഗ് തമാങ്ങുമായി സംസാരിച്ച പ്രധാനമന്ത്രി എല്ലാവിധ സഹായവും ഉറപ്പു നൽകി.

******************************************************************

**HEADLINE-4**

## WORLD TEACHER'S DAY

ഇന്ന് ലോക അധ്യാപക ദിനം. ലോകമെമ്പാടുമുള്ള അധ്യാപകരുടെ അവകാശങ്ങളും ഉത്തരവാദിത്തങ്ങളും ഓർമിക്കുന്നതിനും, സംരക്ഷിക്കുന്നതിനുമായി എല്ലാ വർഷവും ഒക്ടോബർ അഞ്ച് ലോക അധ്യാപക ദിനമായി ആഘോഷിക്കുന്നു. 1966 ഒക്ടോബർ അഞ്ചിന് പാരീസിൽ നടന്ന പ്രത്യേക സമ്മേളനത്തിൽ അധ്യാപകരുടെ പദവി സംബന്ധിച്ച് ശുപാർശ യുനെസ്കോയും അന്താരാഷ്ട്ര തൊഴിലാളി സംഘടനയും അംഗീകരിച്ചതിന്റെ ഓർമയ്ക്കായി ഒക്ടോബർ അഞ്ച് ലോക അധ്യാപക ദിനമായി യുനെസ്കോ പ്രഖ്യാപിച്ചു. 1994 മുതൽ ലോക അധ്യാപക ദിനം ലോകമെമ്പാടും ആഘോഷിക്കുന്നു.

******************************************************************

## DOLPHINE DAY

ഇന്ന് ദേശീയ ഡോൾഫിൻ ദിനം. ഇന്ത്യൻ നദീതടങ്ങളിൽ വസിക്കുന്ന ദേശീയ ജലജീവിയുടെ സംരക്ഷണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി എല്ലാ വർഷവും ദേശീയ ഡോൾഫിൻ ദിനം ആഘോഷിക്കുന്നു. കടുത്ത വംശനാശഭീഷണി നേരിടുന്ന ഡോൾഫിനുകൾ ആരോഗ്യകരമായ ഒരു ജല ആവാസവ്യവസ്ഥയുടെ അനുയോജ്യമായ പാരിസ്ഥിതിക സൂചകങ്ങളായി പ്രവർത്തിക്കുന്നു. അതിനാൽ ഡോൾഫിനുകളുടെ സംരക്ഷണം ജീവജാലങ്ങളുടെ നിലനിൽപ്പിനും മത്സ്യബന്ധനം പോലുള്ള ഉപജീവനത്തിനായി ജലവ്യവസ്ഥയെ ആശ്രയിക്കുന്ന ആളുകൾക്കും പ്രയോജനം ചെയ്യും.

******************************************************************

## PM – GAS SUBSIDY

പ്രധാനമന്ത്രി ഉജ്ജ്വല യോജന ഗുണഭോക്താക്കൾക്ക് പാചകവാതക  സിലിണ്ടർ സബ്സിഡി നൂറ് രൂപ വർദ്ധിപ്പിച്ച് കേന്ദ്ര സർക്കാർ. പി.എം ഉജ്വല യോജനയ്ക്ക് കീഴിലുള്ള ഗുണഭോക്താക്കൾക്ക് പാചകവാതക സബ്സിഡി നിലവിലെ 200 രൂപയിൽ നിന്ന് 300 രൂപയായായാണ് ഉയർത്തിയത്.

*********************************************************************

## GUJARAT RENEWABLE ENERGY

ഗുജറാത്ത് പുനരുപയോഗ ഊർജ്ജ നയം 2023 സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചു. മുഖ്യമന്ത്രി ഭൂപേന്ദ്ര പട്ടേലാണ് ഗാന്ധിനഗറിൽ നയം പ്രഖ്യാപിച്ചത്. 2030-ഓടെ ഗുജറാത്തിൽ ഉത്പാദിപ്പിക്കുന്ന ഊർജ്ജത്തിന്റെ 50 ശതമാനം പുനരുപയോഗ ഊർജ്ജത്തിൽ നിന്നാകണമെന്ന ലക്ഷ്യമാണ് നയത്തിൽ ഉള്ളത്. 36 ജിഗാവാട്ട്  സൗരോർജ്ജവും 143 ജിഗാവാട്ട് കാറ്റിൽ നിന്നുള്ള വൈദ്യുതിയും ഉത്പാദിപ്പിക്കുകയാണ് ലക്ഷ്യം.  അഞ്ച് വർഷത്തേക്കാണ് പുതിയ നയത്തിന് പ്രാബല്യമുണ്ടാവുക.

*********************************************************************

## CHHATTISGARH-ANURAG SINGH THAKUR

ഛത്തീസ്ഗഢ് തലസ്ഥാനമായ റായ്പൂരിൽ നെഹ്റു യുവകേന്ദ്ര  സംഘടിപ്പിക്കുന്ന സംസ്ഥാനതല യുവജനോത്സവം കേന്ദ്ര മന്ത്രി അനുരാഗ് സിംഗ് താക്കൂർ ഇന്ന് ഉദ്ഘാടനം ചെയ്യും. റായ്പൂരിലെ റാവത്പുര സർവകലാശാല കാമ്പസിലാണ് രണ്ട്  ദിവസത്തെ യുവജനോത്സവം നടക്കുന്നത്. ഛത്തീസ്ഗഢിലെ ഇരുപത്തിയെട്ട് ജില്ലകളിൽ നിന്നായി അഞ്ഞൂറോളം യുവാക്കൾ ഈ ഉത്സവത്തിൽ പങ്കെടുക്കും. സംസ്ഥാനതല മത്സരത്തിൽ വിജയിക്കുന്നവർക്ക് ദേശീയ യുവജനോത്സവത്തിൽ പങ്കെടുക്കാൻ അവസരം ലഭിക്കും. അമൃത് കാലിന് വേണ്ടി പ്രധാനമന്ത്രി നരേന്ദ്ര മോദി നൽകിയ അഞ്ച് വാഗ്ദാനങ്ങളുമായി ഈ പരിപാടിയും

കൂട്ടിച്ചേർക്കും. റായ്പൂർ സന്ദർശന വേളയിൽ കേന്ദ്രമന്ത്രി ശ്രീ താക്കൂർ മീഡിയ ആപ്പുകളും പുറത്തിറക്കും.

***********************************************************************

**REV. CABINET-DECISION - THAKUR**

തെലങ്കാനയും ആന്ധ്രാപ്രദേശും തമ്മിലുള്ള കൃഷ്ണ ജല തർക്ക ട്രിബ്യൂണൽ-II-ന്റെ പരിഗണനാ വിഷയങ്ങൾ കേന്ദ്ര സർക്കാർ അംഗീകരിച്ചു. 1956-ലെ അന്തർ സംസ്ഥാന നദീജല തർക്ക നിയമത്തിന് അനുസൃതമായാണ് മന്ത്രിസഭാ തീരുമാനമെന്ന് കേന്ദ്രമന്ത്രി അനുരാഗ് സിംഗ് താക്കൂർ അറിയിച്ചു.

***********************************************************************

**HEADLINE-3**

**KERALA CM – MEETING**

മുഖ്യമന്ത്രിയുടേയും മന്ത്രിമാരുടേയും നേതൃത്വത്തിൽ കോഴിക്കോട് മേഖലാതല അവലോകനയോഗം ഇന്ന്. കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർകോട് ജില്ലകളുടെ അവലോകന യോഗമാണ് ഇന്ന് നടക്കുന്നത്. നാല് മേഖലാ അവലോകന യോഗങ്ങളിൽ തിരുവനന്തപുരത്തും, തൃശൂരിലും, എറണാകുളത്തും വിളിച്ചു ചേർത്ത യോഗങ്ങൾ ഇതിനകം തന്നെ പൂർത്തിയായി ക്കഴിഞ്ഞു. ദേശീയപാത, മലയോര ഹൈവേ, തീരദേശ ഹൈവേ, വയനാട് തുരങ്കപാത, മാലിന്യമുക്തകേരളം, ഹരിതകേരളം മിഷൻ, ദാരിദ്ര്യനിർമാർജനം, ലൈഫ് മിഷൻ, സമഗ്ര വിദ്യാഭ്യാസ പുനരുജ്ജീവന പരിപാടി, ജൽജീവൻ മിഷൻ, ആർദ്രം മിഷൻ, ഇൻ്റർനാഷനൽ റിസർച്ച് സെൻ്റർ ഫോർ ആയുർവേദ, കോവളം-ബേക്കൽ ഉൾനാടൻ നാവിഗേഷൻ, നാല് ജില്ലകളുമായി ബന്ധപ്പെട്ട മറ്റ് വിഷയങ്ങൾ എന്നിവ യോഗത്തിൽ ചർച്ച ചെയ്യും.

*********************************************************************

## RAIN – KERALA

കേരളത്തിൽ ഇന്ന് ഒറ്റപ്പെട്ടയിടങ്ങളിൽ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഒരു ജില്ലയിലും പ്രത്യേക മഴ മുന്നറിയിപ്പില്ല. കേരള, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്കുണ്ട്. കഴിഞ്ഞ ദിവസങ്ങളിൽ ശക്തമായ മഴ ലഭിച്ച പ്രദേശങ്ങളിൽ ജാഗ്രത തുടരണമെന്നും അറിയിച്ചിട്ടുണ്ട്.

*********************************************************************

## HOLIDAY - CAMP SCHOOLS

തിരുവനന്തപുരം, കോട്ടയം ജില്ലകളിൽ ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് ഇന്ന് അവധി പ്രഖ്യാപിച്ചു. തിരുവനന്തപുരം താലൂക്കിൽ കൊഞ്ചിറവിള യു. പി. എസ്, വെട്ടുകാട് എൽ. പി എസ്, ഗവൺമെന്റ് എം. എൻ. എൽ. പി. എസ് വെള്ളായണി എന്നീ സ്കൂളുകൾക്കും കോട്ടയം ജില്ലയിൽ വേളൂർ സെന്റ് ജോൺസ് യു.പി.എസ്., തിരുവാർപ്പ് സെന്റ് മേരീസ് എൽ.പി.എസ്., കിളിരൂർ എസ്.എൻ.ഡി.പി. എച്ച്.എസ്.എസ്. എന്നീ സ്കൂളുകൾക്കുമാണ് അവധി പ്രഖ്യാപിച്ചത്. ചെങ്ങളം ഗവൺമെന്റ് എച്ച്.എസ്.എസിൽ ക്യാമ്പ് പ്രവർത്തിക്കുന്നുണ്ടെങ്കിലും സ്കൂളിന് അവധി ബാധകമല്ല.

*********************************************************************

**HEADLINE-5**

## ICC WORLD CUP – (INTRO)

ഐ.സി.സി പുരുഷ ഏകദിന ലോകകപ്പ് ക്രിക്കറ്റ് ടൂർണമെന്റിന് ഇന്ന് തുടക്കമാകും. ഗുജറാത്തിൽ അഹമ്മദാബാദിലെ മൊട്ടേരയിലെ നരേന്ദ്രമോദി സ്റ്റേഡിയത്തിലാണ് ഉദ്ഘാടന മത്സരം.

**ഒരു റിപ്പോർട്ട്.......**

**– (VOICE........)**

*ഇംഗ്ലണ്ടും ന്യൂസിലൻഡും തമ്മിൽ ഉച്ചയ്ക്ക് രണ്ട് മണിക്കാണ് ആദ്യ മത്സരം ആരംഭിക്കുന്നത്. ലോകകപ്പിലെ അഞ്ച് മത്സരങ്ങൾ അഹമ്മദാബാദിലാണ് നടക്കുക.*

*ഈ മാസം 14 ന് ഇന്ത്യ-പാകിസ്ഥാൻ മത്സരത്തിന് വേദിയാകുന്നതും ഇവിടെയാണ്. ഉദ്ഘാടന ചടങ്ങിനോട നുബന്ധിച്ച് 3,500-ഓളം പോലീസുകാരെയാണ് അഹമ്മദാബാദിലും നഗരത്തിന്റെ മറ്റ് ഭാഗങ്ങളിലുമായി വിന്യസിച്ചിരിക്കുന്നത്. വലിയ തോതിൽ കാണികൾ എത്തുമെന്ന പ്രതീക്ഷയാണുള്ളത്. അർബുദ രോഗത്തിന്റെ പിടിയിലായ 20 ക്രിക്കറ്റ് ആരാധകർക്ക് ഡോക്ടർമാരുടെയും നഴ്സുമാരുടെയും അകമ്പടിയോടെ മത്സരം കാണാൻ സൗകര്യമൊരുക്കിയിട്ടുണ്ട്. മത്സരമുള്ള ദിവസങ്ങളിൽ അഹമ്മദാബാദ് മെട്രോ റെയിൽ രാത്രി മൂന്ന് മണിക്കൂർ കൂടി സർവ്വീസ് നീട്ടി.*

*ന്യൂസ് ഡെസ്ക്, ആകാശവാണി....*

*********************************************************************

**HEADLINE-6**

**ASIAN GAMES**

ഏഷ്യൻ ഗെയിംസിൽ 11-ാം ദിവസം മൂന്ന് സ്വർണവും അഞ്ച് വെള്ളിയും നാല് വെങ്കലവുമടക്കം 12 മെഡലുകൾ നേടി മികച്ച പ്രകടനം കാഴ്ച വച്ച് ഇന്ത്യൻ താരങ്ങൾ. 18 സ്വർണവും 31 വെള്ളിയും 32 വെങ്കലവുമടക്കം 81 മെഡലുകൾ നേടിയ ഇന്ത്യ നിലവിൽ മെഡൽ പട്ടികയിൽ നാലാം സ്ഥാനത്താണ്. പുരുഷന്മാരുടെ ജാവലിൻ ത്രോയിൽ നീരജ് ചോപ്ര സ്വർണം നേടിയപ്പോൾ ഇതേ ഇനത്തിൽ കിഷോർ ജെന വെള്ളി നേടി. പുരുഷന്മാരുടെ 4-400 മീറ്റർ റിലേയിൽ സ്വർണവും വനിതകളുടെ 4-400 മീറ്റർ റിലേയിൽ വെള്ളിയും ഇന്ത്യ നേടി. ഏഷ്യൻ ഗെയിംസിലെ ഇന്ത്യയുടെ എക്കാലത്തെയും മികച്ച പ്രകടനമാണിത്. ഏഷ്യൻ ഗെയിംസിലെ മികച്ച പ്രകടനത്തിന് ഇന്ത്യൻ താരങ്ങളെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു.

******************************************************************

## TODAY ASIAN GAMES -INDIA

ഏഷ്യൻ ഗെയിംസിൽ മെഡൽ പ്രതീക്ഷയുമായി ഇന്ത്യൻ താരങ്ങൾ വിവിധ ഇനങ്ങളിൽ ഇന്ന് മത്സരിക്കാനിറങ്ങും. ബാഡ്മിന്റൺ സിംഗിൾസ് ക്വാർട്ടർ ഫൈനലിൽ ഇന്ത്യൻ താരങ്ങളായ പി വി സിന്ധുവും എച്ച് എസ് പ്രണോയിയും ഇന്ന് മത്സരിക്കും. സ്ക്വാഷ് മിക്സഡ് ഫൈനലിൽ ദീപിക പള്ളിക്കൽ-ഹരീന്ദർപാൽ സഖ്യവും പുരുഷ സിംഗിൾസ് ഫൈനലിൽ സൗരവ് ഘോഷാലും ഇന്നിറങ്ങും. വനിതാ ഹോക്കി സെമിഫൈനലിലും ഇന്ത്യ ഇന്ന് മത്സരിക്കും.

******************************************************************

## KASHMIR ENCOUNTER

കശ്മീർ താഴ് വരയിൽ പോലീസും സുരക്ഷാ സേനയും സംയുക്തമായി നടത്തിയ ആക്രമണത്തിൽ രണ്ട് ഭീകരരെ വധിച്ചു. കുൽഗാം ജില്ലയിലാണ് ഹിസ്ബുൾ മുജാഹിദീൻ ഭീകരസംഘടനയിലെ അംഗങ്ങളെ വധിച്ചത്. ഭീകരസാന്നിധ്യത്തെ കുറിച്ച് രഹസ്യവിവരം ലഭിച്ചതിനെ തുടർന്നാണ് സേന തിരച്ചിൽ ആരംഭിച്ചതും ഭീകരർ വെടിയുതിർത്തതും. തോക്കുകളും സ്ഫോടകവസ്തുക്കളും ഇവരിൽ നിന്ന് കണ്ടെടുത്തു.

******************************************************************

## KARNATAKA-CENTRAL TEAM VISIT

വരൾച്ചയെ കുറിച്ച് പഠിക്കാൻ കേന്ദ്ര സംഘം ഇന്ന് കർണാടക സന്ദർശിക്കും. മൂന്ന് സംഘങ്ങളായി തിരിഞ്ഞ് വരൾച്ച ബാധിത പ്രദേശങ്ങളിൽ അടുത്ത മൂന്ന് ദിവസത്തേക്ക് സർവേ നടത്തും.

******************************************************************

## NAVY CONQUERED

ഐ.എൻ.എസ് ശിവാജി നാവിക താവളത്തിലെ 10 അംഗ സംഘം സിക്കിമിലെ 16,207 അടി ഉയരത്തിലുള്ള ഗോചില ചുരം കീഴടക്കി. മഹാരാഷ്ട്രയിലെ ലോണാവാലയിൽ നിന്ന് കഴിഞ്ഞ മാസം 21-നാണ് സംഘം പുറപ്പെട്ടത്. ഇതിന് മുന്നോടിയായി തീവ്ര പരിശീലനം നടത്തിയിരുന്നു. വെല്ലുവിളി ഉയർത്തിയ കാലാവസ്ഥയും ശക്തമായ മഴയുമൊക്കെ നേരിട്ടാണ് നാവികസംഘം ഗോചില ചുരം കീഴടക്കിയത്.

*******************************************************************

## RBI-EXECUTIVE DIRECTOR

സാമ്പത്തിക, നയ ഗവേഷണ വകുപ്പിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറായി മുനീഷ് കപൂറിനെ റിസർവ് ബാങ്ക് നിയമിച്ചു. ധനനയ വിഭാഗത്തിന്റെ ഉപദേഷ്ടാവും ധനനയ സമിതിയുടെ സെക്രട്ടറിയുമായിരുന്നു ശ്രീ മുനീഷ് കപൂർ. 2012-15 കാലഘട്ടത്തിൽ അന്താരാഷ്ട്ര നാണ്യനിധിയുടെ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഉപദേശകനായി അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

*******************************************************************

## SPORTS AWARD

2023-ലെ ദേശീയ കായിക അവാർഡുകൾക്കായി കേന്ദ്ര യുവജനകാര്യ, കായിക മന്ത്രാലയം അപേക്ഷ ക്ഷണിച്ചു. അർഹരായ കായികതാരങ്ങൾ, പരിശീലകർ, സ്ഥാപനങ്ങൾ, സർവകലാശാലകൾ തുടങ്ങിയവർക്ക് അടുത്ത മാസം രണ്ട് വരെ ഓൺലൈനായി അപേക്ഷിക്കാം.

*******************************************************************

## PAK: EXPLOSION

പാകിസ്ഥാനിലെ ബലൂചിസ്ഥാനിലുണ്ടായ സ്ഫോടനത്തിൽ രണ്ട് പേർ മരിച്ചു. മൂന്ന് പേർക്ക് പരിക്കേറ്റു. പാകിസ്ഥാൻ-അഫ്ഗാനിസ്ഥാൻ അതിർത്തിയിൽ നിന്ന് 60 കിലോമീറ്റർ അകലെയാണ് സ്ഫോടനമുണ്ടായതെന്ന് അധികൃതർ അറിയിച്ചു.

***********************************************************************

*******************